**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5611** **03-11-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് കാവാലം പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് കാവാലം ഗ്രാമപഞ്ചായത്തിൽ ചാരിറ്റി ട്രസ്റ്റ് മുഖേന വീട് അനുവദിച്ചവർക്ക് പ്രസ്തുത പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിനെ തുടർന്ന് ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരാരും തന്നെ ലൈഫ് പദ്ധതിയുടെ 2017-ലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരായിരുന്നില്ല. എന്നാൽ 2017-ലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്കായി 2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചിരുന്നു. ഇത്തരത്തിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചപ്പോൾ ഇവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിന്മേലുള്ള അർഹതാ പരിശോധന നടപടികൾ 2021 നവംബർ 1-ാം തീയതി മുതൽ ആരംഭിക്കുന്നുണ്ട്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയാണെങ്കിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് ലൈഫ് മിഷന് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ലൈഫ് മിഷന് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവരാരും തന്നെ ലൈഫ് പദ്ധതിയുടെ 2017-ലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരായിരുന്നില്ല. എന്നാൽ 2017-ൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്കായി 2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചിരുന്നു. ഇത്തരത്തിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചപ്പോൾ ഇവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിന്മേലുള്ള അർഹതാ പരിശോധന നടപടികൾ 2021 നവംബർ 1-ാം തീയതി മുതൽ ആരംഭിക്കുന്നുണ്ട്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയാണെങ്കിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതാണ്. |
| (സി) | സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന ഇവരെ സഹായിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ലൈഫ് അർഹതാ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ അർഹരായി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ